# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2703

18.08.2017-ന് മറുപടി
നൽകേണ്ടിയിരുന്നത്

## പൊതുവിദ്യാഭ്യാസം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ നടപടികൾ

**ചോദ്യം**

ശ്രീ.എ. പ്രദീപ്കുമാർ
പ്രൊഫ.കെ.യു. അരുണൻ
ശ്രീ.സി.കെ. ഹരീന്ദ്രൻ
ശ്രീ. എം. രാജഗോപാലൻ

**മറുപടി**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) പൊതു വിദ്യാഭ്യാസം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താനുള്ള സർക്കാരിന്റെ യത്നം ഫലപ്രാപ്തിയിലെത്തുന്നതിന് അക്കാദമി ഉള്ളടക്കം നിരന്തരം പരിഷ്കരണ വിധേയമാക്കേണ്ട തിന്റെ ആവശ്യകത കണക്കി ലെടുത്ത് അതിനുവേണ്ടി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം അറിയിക്കാമോ; | (എ) പൂർണ്ണമായും ശിശു കേന്ദ്രീകൃതമായ അദ്ധ്യയനം സാർത്ഥകമാക്കുന്നതിന് ഉതകുന്നതും കാലാനുസൃതമായ മാറ്റങ്ങൾക്കനുസരിച്ച് വിവരസാങ്കേതിക വിദ്യയുടെ ഫലങ്ങൾ പ്രയോജനപ്പെടുത്തുന്ന വിധത്തിലുമുള്ള പാഠ്യപദ്ധതിയാണ് ഇപ്പോൾ തുടർന്നു വരുന്നത്. പാഠ്യപദ്ധതിയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിലേക്കായി ആയത് നിരന്തരം നിരീക്ഷണ വിധേയമാക്കിവരുകയും ആവശ്യമായ തിരുത്തലുകളും മറ്റും സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി മുഖേന നടത്തിയും വരുന്നു. |
| (ബി) സാമൂഹ്യബോധം സൃഷ്ടിക്കാൻ ഉതകുന്ന രീതിയിൽ സാമൂഹ്യശാസ്ത്ര പഠനവും ശാസ്ത്രചിന്തയും യുക്തിചിന്തയും പ്രോത്സാഹിപ്പിക്കുന്ന രീതിയിൽ ശാസ്ത്രപഠനവും പ്രയോജന | (ബി) സാമൂഹ്യബോധം സൃഷ്ടിക്കാൻ ഉതകുന്ന രീതിയിൽ സാമൂഹ്യശാസ്ത്ര പഠനവും ശാസ്ത്രചിന്തയും യുക്തിചിന്തയും പ്രോത്സാ ഹിപ്പിക്കുന്ന രീതിയിൽ ശാസ്ത്രപഠനവും പ്രയോജനപ്രദമാക്കിത്തീർക്കാൻ വേണ്ട |

| | | | |
|---|---|---|---|
| | പ്രദമാക്കിത്തീർക്കാൻ വേണ്ട അധ്യയന പരിശീലന പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | | അധ്യയന പരിശീലന പദ്ധതികൾ ഗണിത ശാസ്ത്ര ക്ലബുകൾ, ശാസ്ത്ര പോഷിണി, സയൻസ് ക്ലബുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ മുഖേന നിലവിൽ നടപ്പിലാക്കി വരുന്നുണ്ട്. |
| (സി) | പ്രൈമറി, സെക്കന്ററി, ഹയർ സെക്കന്ററി തലങ്ങളിൽ വിഭാവനം ചെയ്യുന്ന പഠന ലക്ഷ്യം നേടാൻ കഴിയുന്നുണ്ടോ എന്നു പരിശോധിക്കാനും അതിന്റെയടിസ്ഥാനത്തിൽ അദ്ധ്യാപകരെയും സ്ഥാപനങ്ങളെയും വിലയിരുത്തുന്നതിനും പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ? | (സി) | പ്രൈമറി, സെക്കന്ററി, ഹയർസെക്കന്ററി തലങ്ങളിൽ വിഭാവനം ചെയ്യുന്ന പഠന ലക്ഷ്യം നേടാൻ കഴിയുന്നുണ്ടോ എന്നു പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ നിലവിൽ നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത സംവിധാനത്തിന്റെ അടിസ്ഥാനത്തിൽ അധ്യാപകരെയും സ്ഥാപനങ്ങ ളെയും വിലയിരുത്തുന്ന പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ